## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5808

27-10-2011 ൽ മറുപടിയ്ക്ക്

# നെൽകൃഷി

ചോദ്യം
ശ്രീ.ബി.സത്യൻ

മറുപടി
ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) ആറ്റിങ്ങൽ മണ്ഡലത്തിലുൾപ്പെട്ട പഞ്ചായത്തുകളിലുൽപാദിപ്പിക്കുന്ന നെല്ല് ഏറ്റെടുക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയ്ക്കാണ് ഇതിന്റെ ചുമതല നല്കിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തുന്നത് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ്. നിലവിൽ പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്ക്, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്ക്, എറണാകുളം ജില്ലയിലെ പൊക്കാളി പ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുമാണ് സംഭരണം നടത്തുന്നത്. സംസ്ഥാനത്ത് എല്ലാ ജില്ലകളെയും നെല്ല് സംഭരണ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) നെൽകൃഷി നടത്തുന്ന കർഷകർക്ക് കാർഷിക യന്ത്രങ്ങൾ വാങ്ങാൻ സർക്കാർ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദമാക്കുമോ;

(ബി) കൃഷി വകുപ്പ് നടപ്പാക്കുന്ന മാക്രോ മാനേജ്മെന്റ് (എം.എം.എ) സ്കീം കാർഷിക യന്ത്രവൽക്കരണത്തിനു വേണ്ടി 193 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കർഷകർക്കും കാർഷിക സംഘങ്ങൾക്കും സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ യന്ത്രങ്ങൾ വിതരണം ചെയ്യുന്നതാണ് പദ്ധതി. ട്രാക്ടർ, പവ്വർടില്ലർ, കൊയ്ത്തു യന്ത്രം, നടീൽ യന്ത്രം, മെതിയന്ത്രം. പമ്പുസെറ്റുകൾ വിള സംഭരണ ഉപകരണങ്ങൾ, കമ്പൈൻ ഹാർവെസ്റ്റർ എന്നീ യന്ത്രങ്ങളാണ് ഈ പദ്ധതി വഴി നെൽകർഷകർക്ക് വിതരണം ചെയ്യുന്നത്. കൂടാതെ ആർ.കെ.വി.വൈ സ്കീമിൽ ഉൾപ്പെടുത്തി ഇതേ രീതിയിൽ സബ്സിഡി നൽകി വരുന്നുണ്ട്.

(സി) കർഷകർക്ക് എന്തെല്ലാം പെൻഷൻ പദ്ധതികളാണ് നിലവിലുള്ളത്; ഓരോ വിഭാഗത്തിനും എത്ര രൂപ വീതമാണ് പെൻഷൻ തുക; വ്യക്തമാക്കുമോ?

(സി) കിസാൻ അഭിമാൻ പദ്ധതിയിൽ അംഗങ്ങളായ നെൽകർഷകർക്ക് മാസം മുന്നൂറ് രൂപ നിരക്കിൽ പെൻഷൻ നൽകുന്ന പദ്ധതി നിലവിലുണ്ട്. ഒരു ഹെക്ടറോ അതിന് താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസം മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. 2011-2012 വർഷം മുതൽ ഈ പെൻഷൻ പദ്ധതി നടപ്പിലാക്കും.

സെക്ഷൻ ഓഫീസർ